"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം, പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ പിറവന്തൂർ ഗുരുദേവ ഹൈസ്കൂളിലെ (Rtd.)ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ.വി.വി.മോഹൻരാജ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.2750/2022ന്റെ 17.02.2023ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4094/2024/GEDN തീയതി,തിരുവനന്തപുരം, 28-06-2024

---

പരാമർശം:-

1. ശ്രീ.വി.വി.മോഹൻ രാജിന്റെ 10.03.2021 ലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി9)
2. ശ്രീ.വി.വി.മോഹൻരാജ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.2750/2022ന്റെ 17.02.2023ലെ വിധിന്യായം
3. പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 09.06.2023 ലെ DEOPLR/783/2023-B3 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.06.2023 ലെ എ.റ്റി5/9125/22/ഡി.ജി.ഇ നമ്പർ കത്ത്
5. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 19.06.2023 ലെ DDEKLM/545/2022-B6 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം, പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ പിറവന്തൂർ ഗുരുദേവ ഹൈസ്കൂളിലെ (Rtd.)ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ.വി.വി.മോഹൻരാജ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.2750/2022ന്റെ 17.02.2023ലെ വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാർ മുമ്പാകെ സമർപ്പിച്ച എക്സിബിറ്റ് പി9 റിവിഷൻ ഹർജി, ഹർജിക്കാരനെ നേരിൽ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 20.06.2023-ൽ നേരിൽ കേട്ടു.

2) ഹർജിക്കാരന്റെ വാദങ്ങൾ താഴെ കൊടുക്കുന്നു:

"പിറവന്തൂർ ഗുരുദേവ ഹൈസ്കൂളിൽ 2007-2008 വിദ്യാലയ വർഷം VIII - 3, IX –4, X-3 ഉൾ പ്പെടെ 1 0 ഡിവിഷനുകളും 2 2 തസ്തികകളും പുനലൂർ ജില്ലാ

വിദ്യാഭ്യാസ ഓഫീസറുടെ **B3 6655/2007** പ്രകാരം അനുവദിച്ചിരുന്നു. **2006-2007**ലും ഇത്രയും ഡിവിഷനുകളും തസ്തികകളും ഉണ്ടായിരുന്നു. **27.07.2007, 22.01.2008**ലും സൂപ്പർ ചെക്ക് വിഭാഗം പരിശോധന നടത്തി. രണ്ടു പരിശോധനയിലും ഹാജരാകാത്ത കുട്ടികളെ ഒഴിവാക്കി വിദ്യാഭ്യാസ ഡയറക്ടറുടെ **10.09.2008**ലെ **SC (2)38796/08 DPI** ഉത്തരവു പ്രകാരം വീണ്ടും തസ്തിക നിർണ്ണയം നടത്തി

ഇതിനെ തുടർന്ന് **1 0** ഡിവിഷനുകൾ **9** ആയി കുറയുകയും എച്ച്.എസ്.റ്റി (എൻ.എസ്)ന്റെ രണ്ടാമത്തെ തസ്തികയും എച്ച്.എസ്.റ്റി (ഹിന്ദി)യുടെ രണ്ടാമത്തെ തസ്തികയും റദ്ദു ചെയ്തു. ഈ തസ്തികകളിൽ യഥാക്രമം തുടർന്നിരുന്ന ശ്രീ.എൻ.ഡി.ഹരി എച്ച്.എസ്.റ്റി (എൻ.എസ്) , എസ്.സുനിൽ എച്ച്.എസ്.റ്റി (ഹിന്ദി) എന്നിവർ വാങ്ങിയ ശമ്പളം എന്നിൽ നിന്നും തിരിച്ചു പിടിക്കാൻ നടപടിയുണ്ടായി. ഇതിനെതിരെ ശ്രീ.എൻ.ഡി.ഹരി വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്)ന്റെ രണ്ടാമത്തെ തസ്തികയിൽ തസ്തികയില്ലാതെ നിലനിന്നിരുന്ന ഏറ്റവും ജൂനിയറായ ലിസി ജോർജ്ജ്, എച്ച്.എസ്.റ്റി (കണക്ക്) നെ വിദ്യാഭ്യാസ ഡയറക്ടറുടെ **11.03.2010**ലെ ഉത്തരവു പ്രകാരം റിട്രെഞ്ച് ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ ഡയറക്ടറുടെ **10.09.2008**ലെ ഉത്തരവിനെതിരെ മാനേജർ ഗവൺമെന്റിൽ സമർപ്പിച്ച റിവിഷൻ തള്ളി ഉത്തരവായിട്ടുണ്ട്. **(GO(Rt)No.2902/2009 Gedn. dt.14.07.2009)**. തുടർന്ന് ബഹു.കേരള ഹൈക്കോടതിയിൽ സമർപ്പിച്ച **WP(C)28070/2009 RP** യിലെ **238/2018**ന്റെ വിധിന്യായത്തിൽ അച്ചടക്ക നടപടിയെടുക്കാതെ റിക്കവറി പാടില്ല എന്നു നിർദ്ദേശിച്ച് തീർപ്പാക്കിയിട്ടുള്ളതുമാണ്.

അച്ചടക്ക നടപടിയുടെ ഭാഗമായി **23.11.2019**ൽ **B6/4731/2019** പ്രകാരം ഹർജിക്കാരന് **charge memo** നൽകി. കാര്യകാരണ സഹിതം വിശദമായ മറുപടി നൽകുകയും കൂടിക്കാഴ്ചയിൽ വ്യക്തമായി വിശദീകരണം നൽകിയെങ്കിലും ഇതൊന്നും പരിഗണിക്കാതെ **09.02.2021**ലെ **B6/4731/2019/DDE** ഉത്തരവു പ്രകാരം **2** അദ്ധ്യാപകർ (എൻ.ഡി.ഹരി, എസ്.സുനിൽ) വാങ്ങിയ **2,95,830/-** രൂപ ഹർജിക്കാരന് ബാദ്ധ്യതയായി നിശ്ചയിക്കുകയും പ്രസ്തുത തുക **15** മാസതവണകളായി ഈടാക്കുവാൻ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. വിദ്യാഭ്യാസ ഡയറക്ടറുടെ **11.03.2010**ലെ **RA(4)/28091/09/DPI** ഉത്തരവു പ്രകാരവും **GO(Rt)No.4854/2010/Gedn** പ്രകാരവും എൻ.ഡി.ഹരി ഇതിലെ കക്ഷിയല്ല. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന വസ്തുതകൾ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1. കുട്ടികളെ സംബന്ധിച്ച വിശദാംശങ്ങൾ വിദ്യാഭ്യാസ ഡയറക്ടർക്ക് യഥാസമയവും വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട കൂടിക്കാഴ്ചയിലും പ്രത്യേകം സമർപ്പിച്ചിരുന്നു. ഇതു പരിശോധിക്കാതെ സൂപ്പർ ചെക്ക് വിഭാഗത്തിന്റെ **2** സന്ദർശനങ്ങളിലും ഹാജരായില്ല എന്ന ഒറ്റക്കാരണം കൊണ്ട് ബോഗസ് അഡ്മിഷനായി കണക്കാക്കാൻ കഴിയില്ല. കുട്ടികളുടെ മേൽവിലാസത്തിൽ കത്തുകൾ

അയച്ച് രക്ഷകർത്താക്കളെ വിളിച്ചു വരുത്തി ബോഗസ് അഡ്മിഷൻ എന്ന് ഉറപ്പിക്കാതെയാണ് തീരുമാനമെടുത്തത്. കുട്ടികളുടെ വിശദാംശങ്ങൾ **10.03.2021**ലെ റിവിഷൻ പെറ്റീഷനിലും വ്യക്തമാക്കിയിട്ടുണ്ട്.

2. സൂപ്പർ ചെക്ക് സന്ദർശനം നടത്തുന്ന ദിവസമോ വിദ്യാഭ്യാസ ഓഫീസർമാർ **KER Chapter XXIII Rule 15** പ്രകാരം പരിശോധന നടത്തുമ്പോളോ ഹാജർ ഇല്ലാത്ത കുട്ടികളെയും ആറാം പ്രവൃത്തി ദിവസത്തിനു ശേഷമുള്ള നീക്കം ചെയ്യലോ വിടുതലോ റോൾ സ്ട്രെങ്ത്തിൽ നിന്ന് കുറവു വരുത്താൻ ഒരു ചട്ടവും അനുവദിക്കുന്നില്ല **(GO(Rt)No.4464/09 Gedn, 10.11.2009)**

3. **KER Chapter XIVA Rule 75** പ്രകാരമുള്ള ഒരന്വേഷണവും ഡി.ഇ.ഒ. യും ഡി.ഡി.ഇ. യും **09.02.2021**-ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് നടത്തിയിട്ടില്ല. അന്വേഷണ റിപ്പോർട്ട് നൽകുകയോ അതിന്മേൽ വിശദീകരണം ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. ആയതിനാൽ **09.02.2021**ലെ ഉത്തരവ് നടപടി ക്രമങ്ങൾ പാലിച്ചിട്ടുള്ളതല്ല.

4. **KER Chapter XXII Rule 12(C) 3** പ്രകാരം **10.09.2008** വരെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തസ്തികനിർണ്ണയ ഉത്തരവിന് പ്രാബല്യമുണ്ട്. **10.09.2008**നു ശേഷം ബന്ധപ്പെട്ട അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടില്ല.

5. ശ്രീമതി.ലിസി ജോർജ്ജ്, എച്ച്.എസ്.റ്റി (കണക്ക്) , ശ്രീ.എസ്.സുനിൽ എച്ച്.എസ്.റ്റി(ഹിന്ദി) എന്നീ അദ്ധ്യാപകർ സംരക്ഷണത്തിന് അവകാശമുള്ളവരും ഗവണ്മെന്റിന്റെ ടീച്ചേഴ്സ് പാക്കേജിൽ ഉൾപ്പെട്ടവരുമാണ്. കൂടാതെ തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുമാണ്. ശ്രീമതി.ലിസി ജോർജ്ജ് **31.05.2023**ന് സർവ്വീസിൽ നിന്ന് വിരമിച്ചു. രണ്ടാമത്തെയാൾ ഇപ്പോഴും സർവ്വീസിലുണ്ട്.

മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരനെതിരെയുള്ള നടപടികൾ റദ്ദാക്കി ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കണമെന്നും അല്ലാത്ത പക്ഷം ഗവണ്മെന്റിന്റെ **21.06.2012**ലെ സർക്കുലർ നമ്പർ **34025/J2/12/Gedn.** പ്രകാരം ടി തുക ബന്ധപ്പെട്ട അദ്ധ്യാപകരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വിനയപൂർവ്വം അപേക്ഷിക്കുന്നു."

3 ) പൊതുവിദ്യാഭ്യാസ ഡയറക്ടർ, കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ, പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"2007-08ലെ തസ്തിക നിർണ്ണയത്തിൽ പിറവന്തൂർ ഗുരുദേവ എച്ച്.എസിന് ഒൻപത് ക്ലാസ് ഡിവിഷനുകളും ഇരുപതു തസ്തികകളും അനുവദിച്ചു നൽകിയിരുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നിന്നുള്ള സൂപ്പർ ചെക്ക് സെൽ ആഫീസർ 27.07.2007 തീയതിയിൽ സ്കൂളിൽ ആകസ്മിക സന്ദർശനം നടത്തി കുട്ടികളുടെ എണ്ണം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയ ഉത്തരവ് പുതുക്കുകയും ആയതുപ്രകാരം അധ്യാപകരായ ശ്രീ.എൻ.ഡി.ഹരി എച്ച്.എസ്.ടി (എൻ.എസ്) , ശ്രീ.സുനിൽ എസ്. എച്ച്.എസ്.ടി (ഹിന്ദി) എന്നിവരെ 1:40 അനുപാതത്തിൽ സ്കൂളിൽ നിലനിർത്തുകയും ചെയ്തു. വീണ്ടും 21.1.08ൽ സൂപ്പർ ചെക്ക് സെൽ ആഫീസർ സ്കൂളിൽ ആകസ്മിക സന്ദർശനം നടത്തുകയും 8, 9, 10 ക്ലാസ് ഡിവിഷനുകളിൽ ഓരോ ഡിവിഷൻ വീതം കുറയുകയും ചെയ്തു. തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എസ്.സി2/38796/08/ഡിപിഐ-ഡി.ഡിസ് ഉത്തരവ് പ്രകാരം 2007-08ലെ തസ്തികനിർണ്ണയം പുനഃക്രമീകരിച്ചതിന്റെ ഫലമായി ശ്രീ.എൻ.ഡി.ഹരി, എച്ച്.എസ്.ടി (എൻഎസ്) , ശ്രീ.സുനിൽ.എസ്, എച്ച്.എസ്.ടി (ഹിന്ദി) എന്നീ അധ്യാപകർ 15.07.2007 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും പുറത്താവുകയും ചെയ്തു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിനെതിരെ മാനേജർ സർക്കാരിൽ അപ്പീൽ നൽകിയെങ്കിലും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ തീരുമാനം ശരിവച്ചു കൊണ്ട് സർക്കാർ അപ്പീൽ നിരസിച്ചു. മേൽ പറഞ്ഞ രണ്ട് അധ്യാപകരുടെയും 14.07.2008 വരെയുള്ള വേതനം അതിനോടകം മാറി നൽകിയിരുന്നതിനാൽ മാറി നൽകിയ വേതന തുകയായ ₹2,95,830 (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എണ്ണൂറ്റി മുപ്പത് രൂപ മാത്രം) പിറവന്തൂർ ഗുരുദേവ എച്ച്.എസിലെ മാനേജരുടെയും പ്രഥമാധ്യാപകന്റെയും ബാധ്യതയായി നിശ്ചയിച്ചു നോട്ടീസ് നൽകിയിരുന്നു. ടി നോട്ടീസിനെതിരെ മാനേജരും പ്രഥമാധ്യാപകനും ബഹു കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി. (സി.)26070/09-ാം നമ്പരായി റിട്ട് ഹർജി ഫയൽ ചെയ്യുകയും ആയതിന്മേൽ 7.10.2009ൽ പുറപ്പെടുവിക്കപ്പെട്ട ഇടക്കാല വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് മാസത്തേക്കും തുടർന്ന് 7.12.2009ൽ പുറപ്പെടുവിക്കപ്പെട്ട ഇടക്കാല

വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ വിധിന്യായം വരുന്നത് വരെയും റിക്കവറി നടപടികൾ നിർത്തി വയ്ക്കുകയും ചെയ്തു. പിറവന്തൂർ ഗുരുദേവ എച്ച്.എസിലെ മാനേജർ, പ്രഥമാധ്യാപകൻ എന്നിവർ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി.)26070/09-ാം നമ്പർ റിട്ട് ഹർജിയിന്മേൽ 09.01.2018ൽ പുറപ്പെടുവിക്കപ്പെട്ട അന്തിമ വിധിന്യായത്തിൽ 2007-0 8 കാലയളവിൽ ബോഗസ് അഡ്മിഷൻ നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പുറത്തായ അധ്യാപകർ കൈപ്പറ്റിയ വേതനം സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ടി വിധിന്യായത്തിനെതിരെ പിറവന്തൂർ ഗുരുദേവ എച്ച്.എസിലെ പ്രഥമാധ്യാപനായിരുന്ന ശ്രീ.മോഹൻരാജ് ഫയൽ ചെയ്ത 238/2018-ാം നമ്പർ റിവ്യൂ ഹർജിയിന്മേൽ 26.03.2018 തീയതിയിൽ പുറപ്പെടുവിക്കപ്പെട്ട വിധിന്യായത്തിൽ ഗുരുദേവ എച്ച്.എസിലെ പ്രഥമാധ്യാപകനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചതിനു ശേഷം റിക്കവറി നടപടികൾ ആരംഭിക്കണമെന്നും കൂടാതെ അഡ്മിഷൻ സംബന്ധമായ വിഷയങ്ങളിൽ മാനേജർക്ക് പങ്കില്ലാത്തതിനാൽ ടിയാനെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കുകയില്ല എന്നും പരാമർശിക്കുകയുണ്ടായി.

മേൽ സൂചിപ്പിച്ച വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള 6.12.2018ലെ എ3/335/2018/പൊവിവ നമ്പർ കത്ത് പ്രകാരം പിറവന്തൂർ ഗുരുദേവ എച്ച്.എസിലെ പ്രഥമാധ്യാപകനായിരുന്ന ശ്രീ.മോഹൻരാജിൽ നിന്നും സർക്കാരിനു നഷ്ടമായ തുക തിരികെ ഈടാക്കുന്നതിന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു സർക്കാരിനുണ്ടായ നഷ്ടം നികത്തുന്നതിലേക്ക് ടിയാനിൽ നിന്ന് റിക്കവറി നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാനും നിർദ്ദേശിച്ചിരുന്നു.

മേൽ നിർദ്ദേശപ്രകാരം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ബന്ധപ്പെട്ട കക്ഷികളെ 19.01.2021ന് നേരിൽ കേൾക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 09.02.21 തീയതിയിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ച ബി6/4371/2019/ഡിഡിഇ നമ്പർ നടപടി ഉത്തരവിൽ ശ്രീ.എൻ.ഡി.ഹരിയുടെ അപ്പീലിന്റെ അടിസ്ഥാനത്തിൽ 15.07.2007 മുതൽ സേവനത്തിൽ നിന്നും പുറത്തായ ശ്രീമതി.ലിസി ജോർജ് 15.7.2007 മുതൽ 31.03.2010 വരെ വാങ്ങിയ വേതനമായ 4,50,389 (നാലു ലക്ഷത്തി അൻപതിനായിരത്തി മുന്നൂറ്റി എൺപത്തി ഒൻപതു രൂപ മാത്രം) 15.02.2017 ലെ

ബഹു.കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.പി (സി)35974/10, 11456/11 കേസുകളിലെ സംയുക്ത വിധിന്യായത്തിന്റെ വെളിച്ചത്തിൽ ശ്രീമോഹൻരാജിനെ ബാധ്യതയിൽ നിന്നു് ഒഴിവാക്കുകയും ശ്രീ.എൻ.ഡി.ഹരി, എച്ച്.എസ്.ടി (എൻഎസ്), ശ്രീ.സുനിൽ.എസ്. എച്ച്.എസ്.ടി (ഹിന്ദി) എന്നീ അധ്യാപകർക്ക് മാറി നൽകിയ വേതന തുകയായ ₹2,95,830 (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എണ്ണൂറ്റി മുപ്പത് രൂപ മാത്രം) പിറവന്തൂർ ഗുരുദേവ എച്ച്.എസിലെ പ്രഥമാധ്യാപകനായിരുന്ന ശ്രീ.മോഹൻരാജിന്റെ ബാധ്യതയായി നിശ്ചയിച്ചു, ടി തുക 1 5 മാസതവണകളായി ടിയാനിൽ നിന്നും ഈടാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും നൽകിയെങ്കിലും ടിയാൻ ഒരു ഗഡു പോലും അടക്കാതിരിക്കുകയും ടിയാൻ ടി വിഷയത്തിൽ സർക്കാരിൽ അപ്പീൽ നൽകിയിരിക്കുകയാണെന്നും അപ്പീലിന്മേൽ അന്തിമ തീർപ്പിന് വിധേയമായി 31.05.2023ൽ പെൻഷനാകുന്ന ടിയാന്റെ ഡിസിആർജിയിൽ നിന്ന് ബാധ്യത തുക ഒടുക്കാമെന്നും കാണിച്ച് മറുപടി നൽകുകയാണ് ചെയ്തത്. ശ്രീ.മോഹൻരാജ് സർക്കാരിന് നൽകിയ അപ്പീലിന്മേൽ സർക്കാരിൽ നിന്ന് അന്തിമ തീരുമാനങ്ങൾ വരാഞ്ഞതിനെ തുടർന്ന് ടിയാന്റെ വേതനത്തിൽ നിന്നും റിക്കവറി നടത്തുന്നതിലേക്ക് പത്തനാപുരം സബ് ട്രഷറി ആഫീസർക്ക് കത്ത് നൽകിയെങ്കിലും ആയതിനെതിരെ ശ്രീ.മോഹൻരാജ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഡബ്ല്യൂ.പി.(സി.)2750/22-ാം നമ്പരായി റിട്ട് ഹർജി ഫയൽ ചെയ്യുകയുണ്ടായി. ബഹു.കേരള ഹൈക്കോടതി ടി റിട്ട് ഹർജിയുടെ അന്തിമവിധിന്യായം പുറപ്പെടുവിക്കുന്നതുവരെ ശ്രീ.മോഹൻരാജിന്റെ വേതനത്തിൽ നിന്നുള്ള റിക്കവറി നടപടികൾ മരവിപ്പിച്ചിരിക്കുകയായിരുന്നു. ശ്രീ.മോഹൻ രാജ് 31.05.2023 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ബാധ്യതാ തുക ടിയാന്റെ ഡിസിആർജി യിൽ നിന്ന് ഈടാക്കുന്നതിലേക്ക് സേവനപുസ്തകത്തിൽ ടി തുക സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയാണ് പെൻഷൻ അപേക്ഷ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

5 ) സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്തെ വാദം, കേരള വിദ്യാഭ്യാസ

ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ലഭ്യമായ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. സർക്കാർ ഉത്തരവുകളുടെ ലംഘനം നടത്തി വ്യാജ അഡ്മിഷനുകൾ നിലനിർത്തുകയും അതു വഴി അനധികൃതമായി ഡിവിഷനുകളും തസ്തികകളും സൃഷ്ടിച്ച് രണ്ട് അധ്യാപകർക്ക് **15.07.2007** മുതൽ **14.07.2008** വരെ നൽകിയ **₹2,95,830/-**രൂപ സർക്കാരിന് ബാധ്യതയുണ്ടായതിനാൽ **KER** അദ്ധ്യായം **XIV** എ, ചട്ടം **65 (iii)**ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ലഘുശിക്ഷ എന്ന നിലയിൽ ശ്രീ.എൻ.ഡി.ഹരി **HST (NS)**, ശ്രീ.സുനിൽ **HST** (ഹിന്ദി) എന്നീ അദ്ധ്യാപകർക്ക് മാറി നൽകിയ വേതന തുകയായ **₹2,95,830/-** രൂപ ശ്രീ.മോഹൻരാജിന്റെ ബാദ്ധ്യതയിൽ നിർണ്ണയിക്കുകയും, ടി തുക **1 5** മാസ തവണകളായി ടിയാന്റെ മാർച്ച് **2 0 2 1** മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിന് പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിനെതിരെയാണ് ഹർജിക്കാരൻ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

**6)** ശ്രീ.മോഹൻരാജ് ഫയൽ ചെയ്ത **238/2018**-ാം നമ്പർ റിവ്യൂ ഹർ ജിയിന്മേൽ **26.03.2018** തീയതിയിൽ പുറപ്പെടുവിക്കപ്പെട്ട വിധിന്യായത്തിൽ ഗുരുദേവ എച്ച്.എസിലെ പ്രഥമാധ്യാപകനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചതിനു ശേഷം റിക്കവറി നടപടികൾ ആരംഭിക്കണമെന്നു നിർദ്ദേശമുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് സർക്കാരിൽ നിന്നും **6.12.2018**ലെ എ**3/335/2018**/പൊവിവ നമ്പർ കത്ത് പ്രകാരം ശ്രീ.മോഹൻരാജിൽ നിന്നും സർക്കാരിനു നഷ്ടമായ തുക തിരികെ ഈടാക്കുന്നതിന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു സർക്കാരിനുണ്ടായ നഷ്ടം നികത്തുന്നതിലേക്ക് ടിയാനിൽ നിന്ന് റിക്കവറി നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാനും നിർദ്ദേശിച്ചിരുന്നത്. ആയതിനാൽ അച്ചടക്കനടപടിയുടെ ഭാഗമായി ശ്രീ.എൻ.ഡി.ഹരി, എച്ച്.എസ്.ടി (എൻഎസ്), ശ്രീ.സുനിൽ.എസ്. എച്ച്.എസ്.ടി (ഹിന്ദി) എന്നീ അധ്യാപകർക്ക് മാറി നൽകിയ വേതന തുകയായ **₹2,95,830** (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എണ്ണൂറ്റി മുപ്പത് രൂപ മാത്രം) ശ്രീ.മോഹൻരാജിന്റെ ബാധ്യതയായി നിശ്ചയിച്ചു, ടി തുക **15** മാസതവണകളായി ടിയാനിൽ നിന്നും ഈടാക്കാൻ നിർദ്ദേശം നൽകുകയും ചെയ്ത നടപടി ക്രമപ്രകാരമാണ്.

**7)** മേൽ സാഹചര്യത്തിൽ, ഹർജിക്കാരൻ സർക്കാർ മുമ്പാകെ സമർപ്പിച്ച

എക്സിബിറ്റ് പി9 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് തീർപ്പാക്കി, അപ്രകാരം പിറവന്തൂർ ഗുരുദേവ ഹൈസ്കൂളിലെ (Rtd.)ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ.വി.വി.മോഹൻരാജ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.2750/2022**ന്റെ **17.02.2023**ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ആഫീസർ, പുനലൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ.വി.വി.മോഹൻരാജ്, വാഴത്തോപ്പിൽ, പിറവന്തൂർ, കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (**09.05.2024** ലെ **GE-JA3/59/2024-G.EDN** നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Shahnakumari S L
Date: 28-06-2024 16:32:18
സെക്ഷൻ ഓഫീസർ